പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 34

30.11.2015-ൽ മറുപടിയ്ക്ക്

## സർക്കാർ കേസുകൾ

**ചോദ്യം**

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**ഉത്തരം**

ശ്രീ.ഉമ്മൻ ചാണ്ടി
ബഹു.മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ഭാഗം തോറ്റുപോയ, ഹൈക്കോടതിയിൽ വന്ന കേസുകൾ എത്രയാണെന്ന് വിശദമാക്കാമോ; | ഹൈക്കോടതിയിലെത്തുന്ന 90% കേസുകളിലും സർക്കാർ കക്ഷിയാണ്. കേസിലെ വിജയപരാജയങ്ങൾ പലപ്പോഴും ആപേക്ഷികമായതിനാൽ സർക്കാർ ഭാഗം തോറ്റുപോയ കേസുകളെന്നോ സർക്കാർ ഭാഗം ജയിച്ച കേസുകളെന്നോ തരംതിരിക്കാനാവില്ല. |
| (ബി) | സിംഗിൾ ബഞ്ച് വിധിക്കെതിരെ അപ്പീൽ പോകേണ്ടതായി വന്ന കേസുകൾ എത്ര; | സിംഗിൾ ബഞ്ച് വിധിക്കെതിരെ 498 കേസുകൾക്ക് അപ്പീൽ പോയിട്ടുണ്ട്. |
| (സി) | ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോയ കേസുകൾ എത്ര; | ഹൈക്കോടതി വിധിക്കെതിരെ 1236 കേസുകൾക്ക് സുപ്രീം കോടതിയിൽ അപ്പീൽ പോയിട്ടുണ്ട്. |
| (ഡി) | ഹൈക്കോടതിയിലെ ഏതെല്ലാം കേസുകളിലാണ് സംസ്ഥാനത്തിന് പുറത്ത് നിന്നും സീനിയർ അഡ്വക്കേറ്റുമാരെ കൊണ്ട് വന്ന് അപ്പിയർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; ആ ഇനത്തിൽ ഏതെല്ലാം അഡ്വക്കേറ്റുമാർക്ക് എന്തു തുക വീതം ചെലവ് വന്നു? | **(എ)** ബഹു. സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ കെ.വി.വിശ്വനാഥന് എച്ച്3-ഡബ്ല്യു.പി(സി) 26691/2010 |

| | | |
|---|---|---|
| | | നമ്പർ കേസിൽ ഹൈക്കോടതിയിൽ അപ്പിയർ ചെയ്തതിന് 22.12.2014-ൽ 61,95,000/- രൂപ (അറുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി അഞ്ചായിരം രൂപ) കൊടുത്തിട്ടുണ്ട്.<br>**(ബി)** ബഹു. സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ കപിൽ സിബലിന് എഫ്4- ഡബ്ല്യൂ.പി (സി) 23569 /2014, എഫ്4-ഡബ്ല്യൂ.എ 1746/2014 നമ്പർ കേസുകളിൽ ഹൈക്കോടതിയിൽ അപ്പിയർ ചെയ്തതിന് യഥാക്രമം 26.11.2014-ൽ 30,00,000/- രൂപയും, (മുപ്പത് ലക്ഷം രൂപ) 12.08.2015-ൽ 70,00,000/- രൂപയും, (എഴുപത് ലക്ഷം രൂപ) കൊടുത്തിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ